**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2053** **12-09-2023 - ൽ മറുപടിയ്ക്ക്**

**പാലുല്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദൈനംദിനം ആവശ്യമായ പാലിന്റെ അളവ് എത്രയാണ്; ഇതിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ അളവും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമെത്തുന്ന പാലിന്റെ അളവും എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ദൈനംദിനം ആവശ്യമായ പാലിന്റെ അളവ് 31.85 ലക്ഷം മെട്രിക് ടൺ ആണ്. നിലവിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ അളവ് 25.32 ലക്ഷം മെട്രിക് ടൺ ആണ്. സഹകരണ മേഖലയിലൂടെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പാലിന്റെ അളവ് 1.5 ലക്ഷം ലിറ്ററും, ചാരിറ്റബിൾ സൊസൈറ്റികൾ, പ്രൈവറ്റ് ഡയറികൾ എന്നിവയിലൂടെ 3 അതിർത്തി ചെക്ക്പോസ്റ്റുകൾ വഴി കേരളത്തിലെത്തുന്ന പാൽ ഏകദേശം 5 ലക്ഷം ലിറ്ററും ആണ്. |
| (ബി) | സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ പാലുല്പാദനം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർദ്ധിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | 2004-05 വർഷം സംസ്ഥാനത്തെ പാലുൽപാദനം 20.25 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2014-15 ആയപ്പോൾ 27.11 ലക്ഷം മെട്രിക് ടൺ ആയി ഉയർന്നു. എന്നാൽ തുടർന്ന് വന്ന പ്രളയം, കോവിഡ് കാലത്ത് പാലുൽപാദനത്തിൽ കുറച്ച് കുറവ് ഉണ്ടായി. എന്നാൽ ക്ഷീരസംഘങ്ങൾ വഴിയുള്ള സംഭരണം 2014-15 ൽ 5.57 ലക്ഷം ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2022-23 ൽ 7.39 ലക്ഷം ലക്ഷം മെട്രിക് ടൺ ആയി ഉയർന്നിട്ടുണ്ട്. |
| (സി) | ആഭ്യന്തര ഉപയോഗത്തിനാവശ്യമായ പാൽ ഉല്പാദിപ്പിക്കുന്ന നിലയിലേയ്ക്ക് സംസ്ഥാനത്തെ എത്തിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്നും ആയത് എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തിന്റെ ആഭ്യന്തര ഉപയോഗത്തിന് ആവശ്യമായ പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നിരവധി പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്നു. ക്ഷീരകർഷകർക്ക് കന്നുകാലികളെ വാങ്ങൽ, കാലിത്തൊഴുത്ത് നിർമ്മാണം/ അറ്റകുറ്റപ്പണികൾ, കാലിത്തൊഴുത്ത് ആധുനികവത്കരണം/ഭൗതിക സാഹചര്യമൊരുക്കൽ, സബ്സിഡി നിരക്കിൽ കാലിത്തീറ്റ/പോഷകാഹാര മിശ്രിതങ്ങൾ, പുൽകൃഷി തോട്ടം നടപ്പിലാക്കൽ മുതലായവയെല്ലാം വകുപ്പിന്റെ ധനസഹായത്തോടെ നൽകുന്നു. ഇവ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും സംഘത്തിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് |

ഒരു ലിറ്റർ പാലിന് 3/- രൂപ നിരക്കിൽ സാമ്പത്തിക വർഷം മുഴുവനും ഇൻസെന്റീവ് നൽകുന്നു. പുതിയ ക്ഷീരകർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള പദ്ധതികൾ, ബാങ്ക് വായ്പ ലിങ്ക് ചെയ്തുള്ള പദ്ധതികൾ, ഓരോ പ്രദേശത്തിന് അനുയോജ്യമായ പദ്ധതികൾ, കാലാവസ്ഥാ വ്യതിയാനങ്ങൾക്കനുസൃതമായ പദ്ധതികൾ, അടിയന്തിര സാഹചര്യങ്ങൾ നേരിടാനുള്ള പദ്ധതികൾ എന്നിങ്ങനെ വൈവിദ്ധ്യമാർന്ന പദ്ധതികൾ ഉൾപ്പെടുത്തി സംസ്ഥാനത്തെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് ശ്രമിക്കുന്നു.

വിപണി വിലയുടെ 83 ശതമാനവും ക്ഷീരകർഷകർക്ക് പാൽ വിലയായും മറ്റാനുകൂല്യങ്ങളായും നൽകുന്നതിനു പുറമേ വിവിധ സബ്സിഡികളായും, അധിക പാൽവിലയായും, വിവിധ ക്ഷേമ പ്രവർത്തനങ്ങളായും, കർഷകക്ഷേമ പദ്ധതികളായും കഴിഞ്ഞ സാമ്പത്തികവർഷം 70 കോടിയോളം രൂപ ക്ഷീരസംഘങ്ങളിലൂടെ ക്ഷീരകർഷകർക്ക് കൈമാറാൻ മിൽമയ്ക്ക് സാധിച്ചിട്ടുണ്ട്. സർക്കാരിന്റെ ഭാഗികമായ ധനസഹായത്തോടു കൂടിയും മേഖലാ യൂണിയനുകളുടെ സ്വന്തം ഫണ്ടുപയോഗിച്ചും സംസ്ഥാനത്തെ ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിനായുള്ള സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളിൽ മിൽമയും പങ്കാളിയാവുന്നുണ്ട്. സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, പച്ച ചോളത്തണ്ട് എന്നിവ ആവശ്യമുള്ള കർഷകർക്ക് എത്തിച്ചു നൽകിക്കൊണ്ടും, ചെലവ് കുറഞ്ഞ പാലുൽപാദനത്തിന് കറവമാടുകൾക്ക് പോഷകസമൃദ്ധമായ കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും ആവശ്യാനുസരണം മിതമായ വിലയ്ക്ക് വിപണിയിൽ എത്തിച്ചുകൊണ്ടും മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരകർഷകൻറെ വർദ്ധിച്ചുവരുന്ന ഉൽപാദനചെലവ് നിയന്ത്രിച്ചുകൊണ്ട് കൂടുതൽ പേരെ ക്ഷീരമേഖലയിലേക്ക് എത്തിക്കുവാനും അതുവഴി ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.ഈ കൂട്ടായ പ്രവർത്തനങ്ങളുടെ ഫലമായി പാലുൽപാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മലബാർ മേഖലയിൽ ആവശ്യമായ പാൽ മലബാർ മേഖലയിൽത്തന്നെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുണ്ടെങ്കിലും മറ്റു രണ്ടു യൂണിയനുകളും സ്വയംപര്യാപ്തതയിലെത്തിയിട്ടില്ല. എറണാകുളം മേഖലയിൽ യൂണിയന് ആവശ്യമുള്ളതിൻറെ 85 ശതമാനത്തോളം ആഭ്യന്തരമായി സംഭരിക്കുന്നുണ്ട്. മലബാറിൽ

| | | | |
|---|---|---|---|
| | | | ഉപഭോഗം കഴിഞ്ഞ് മിച്ചം വരുന്ന പാൽ മറ്റു മേഖലാ യൂണിയനുകൾക്ക് നൽകി വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ